## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 619

11.06.2013-ലെ
മറുപടിയ്ക്ക്

### അരൂർ നിയോജകമണ്ഡലത്തിലെ മലിനീകരണ നിയന്ത്രണ പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) അരൂർ നിയോജകമണ്ഡലത്തിലെ ചന്തിരൂരിൽ ഒരു മലിനീകരണ നിയന്ത്രണ പ്ലാന്റ് (Common ETP) സ്ഥാപിക്കുന്നതിന് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം പ്രകാരമോ മറ്റേതെങ്കിലും കേന്ദ്ര സഹായ പദ്ധതിയിൽപ്പെടുത്തിയോ കിൻഫ്ര മുഖേന തുക വല്ലതും അനുവദിച്ചിട്ടുണ്ടോ ; | എ) അരൂർ നിയോജകമണ്ഡലത്തിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് Assistance to State Infrastructure Development സ്കീമിൽ ഉൾപ്പെടുത്തി 6 കോടി രൂപ State Level Export Promotion Council-ന് അനുവദിച്ചിട്ടുണ്ട്. |
| ബി) എന്നാണ് ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അറിയിപ്പ് കേന്ദ്രത്തിൽ നിന്നും വന്നത് എന്നും ഈ തുക ചെലവഴിക്കുന്നതിന് കേരള സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് / തുക കൂടി സമർപ്പിച്ചാലെ ചെലവഴിക്കാൻ അനുവദിക്കാവൂ എന്ന മാനദണ്ഡം കേന്ദ്രത്തിൽ നിന്നും നിഷ്കർഷിച്ചിട്ടുണ്ടോ;<br>സി) ഇപ്പോൾ ആലപ്പുഴ ജില്ലാ കളക്ടറുടെ ചെയർമാൻഷിപ്പിൽ പ്രവർത്തിക്കുന്ന ACCEPT എന്ന സംവിധാനത്തിന്റെ തീരുമാന പ്രകാരം നിർമ്മാണ പ്രവർത്തികൾ നടത്താൻ കഴിയാത്തത് കിൻഫ്ര ഫണ്ട് റിലീസ് ചെയ്യാത്തതു കൊണ്ടാണോ എന്നും ഈ ഫണ്ട് വിനിയോഗിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ? | ബി) & സി) നിലവിലുള്ള ASIDE സ്കീം പ്രകാരം 50% പദ്ധതി തുക മാത്രമേ ASIDE സ്കീമിലൂടെ ലഭിക്കുകയുള്ളൂ. ബാക്കി തുക പദ്ധതിയുടെ ഗുണഭോക്താക്കൾ കണ്ടെത്തേണ്ടതുണ്ട്. ആലപ്പുഴയിൽ പദ്ധതി നടത്താൻ ചുമതലപ്പെട്ട അരൂർ, ചന്തിരൂർ കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സൊസൈറ്റിയുടെ വിഹിതമായി 6 കോടി രൂപ ലഭ്യമാക്കിയാൽ മാത്രമെ ASIDE സ്കീമിൽ അനുവദിച്ച തുക റിലീസ് ചെയ്യാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ